**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ് -ജീവനക്കാര്യം-ആലപ്പുഴ ജില്ലയിലെ പുളിങ്കുന്നം ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായ ശ്രീ.സി.ജെ.ആന്റണിക്ക് "നിത്യജീവന്റെ നീരുറവ" എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**1356/2018/**തസ്വഭവ. തീയതി, തിരുവനന്തപുരം, **16.05.2018**

---

പരാമർശം: 1) ശ്രീ.സി.ജെ.ആന്റണിയുടെ 04.11.2017 ലെ അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 28.12.2017, 27.03.2018 എന്നീ തീയതികളിലെ ഇ 3-41438/17 നമ്പർ കത്തുകൾ.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ പുളിങ്കുന്നം ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായ ശ്രീ.സി.ജെ.ആന്റണിക്ക് "നിത്യജീവന്റെ നീരുറവ" എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച

2. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 48 ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഒരു സർക്കാർ ജീവനക്കാരന് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ സാഹിത്യം, കല, ശാസ്ത്രം, എന്നീ സ്വഭാവത്തിലുള്ള പ്രവർത്തനങ്ങളിൽ വല്ലപ്പോഴും ഏർപ്പെടാവുന്നതാണ്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ച ആലപ്പുഴ ജില്ലയിലെ പുളിങ്കുന്നം ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായ ശ്രീ.സി.ജെ.ആന്റണിക്ക് 1960-ലെ ചട്ടം 48 ന്റെ ഒന്നാം പ്രൊവിസോ പ്രകാരം യാതൊരു പ്രതിഫലവും കൈപ്പറ്റാൻ പാടില്ലെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരുത്താൻ പാടില്ലെന്നും സർക്കാരിനെയോ സർക്കാർ നയങ്ങളെയോ ഏതെങ്കിലും തരത്തിൽ വിമർശിയ്ക്കാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ "നിത്യജീവന്റെ നീരുറവ" എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന്

സോപാധിക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ നിർദ്ദേശിയ്ക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എസ്.മോഹൻദാസ്**
ഗവ. അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പുളിങ്കുന്നം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ.സി.ജെ.ആന്റണി, ഹെഡ് ക്ലാർക്ക്, പുളിങ്കുന്നം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(23.02.2018 ലെ ഉപദേശ-B2/40/2018-ഉഭപവ നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ. (I&PRD)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/17/2018/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ